(ഡി) പക്ഷിപ്പനി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 2,66,733 താറാവുകളെ കൊന്ന് സംസ്കരിച്ചു. നഷ്ടം കൃത്യമായി കണക്കാക്കിയിട്ടില്ല. നഷ്ടപരിഹാരമായി കർഷകർക്ക് 8-12-2014 വരെ 1,37,94,000 രൂപ നൽകിയിട്ടുണ്ട്.

(ഇ) നഷ്ടം സംഭവിച്ച കർഷകർക്ക് 2 മാസവും അതിനുമേലും പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ ക്രമത്തിലും കൂടാതെ മുട്ടകൾക്കും, മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ ക്രമത്തിലും നഷ്ടപരിഹാരം നൽകിവരുന്നു. 8.12.2014 വരെ 1,37,94,000 രൂപ കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(എഫ്) പക്ഷിപ്പനിക്ക് കാരണമായ എച്ച്5 എൻ1 വൈറസ് ദേശാടന പക്ഷികളിലൂടെയാണ് സംസ്ഥാനത്ത് എത്തപ്പെട്ടതെന്ന് അനുമാനിക്കുന്നു. പ്രസ്തുത വൈറസ് മനുഷ്യരിലേയ്ക്ക് പടരാതിരിക്കുന്നതിന് രോഗബാധ സ്ഥിരീകരിച്ച സ്ഥലങ്ങളിൽ 1 കി. മീ. ദൂര പരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. 10 കി. മീ. ചുറ്റളവിലെ നിരീക്ഷണം ശക്തമാക്കുകയും രോഗബാധ സ്ഥിരീകരിച്ച സ്ഥലത്ത് അണുനാശിനി പ്രയോഗവും സാനിട്ടേഷൻ പ്രവൃത്തികളും നടത്തുകയും ചെയ്തു. പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ആളുകൾക്ക് പ്രതിരോധ മരുന്നും പി.പി.ഇ. കിറ്റുകളും നൽകിയിരുന്നു.

അതിർത്തി ചെക്ക്പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധന

238 (3525) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധന വെറ്ററിനറി ഡോക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം പരിശോധനകളിലൂടെ രോഗബാധിതമെന്നു കണ്ട എത്ര കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട് ; ആയിതിന് കേസ്സ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഏതെല്ലാം ചെക്ക് പോസ്റ്റുകളിലാണ് ഇത്തരം സംവിധാനം ക്രമീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ; എന്തെല്ലാം പരിശോധനാ സംവിധാനങ്ങളാണ് ഇവിടെ ക്രമീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ 18 ചെക്ക്പോസ്റ്റുകളിൽ വെറ്ററിനറി സർജന്റെ തസ്തിക നിലവിലുള്ള പാറശ്ശാല, വാളയാർ എന്നീ രണ്ട് ചെക്ക്പോസ്റ്റുകളിൽ വെറ്ററിനറി ഡോക്ടറുടെ നേതൃത്വത്തിൽ പരിശോധന നടത്തുന്നുണ്ട്.

(ബി) 857 കേസുകൾ രോഗബാധിതമാണെന്ന് കണ്ടിട്ടുണ്ട്. ഇതിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. മൃഗസംരക്ഷണ വകുപ്പ് അവയെ തിരികെ അയയ്ക്കുകയാണ് ചെയ്യുന്നത്.

(സി) നിലവിൽ പാലക്കാട് ജില്ലയിലെ വാളയാറിലും, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും വെറ്ററിനറി സർജന്മാർ ചെക്ക്പോസ്റ്റ് കടന്നുവരുന്ന ഉരുക്കളെ ക്ലിനിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കുളമ്പുരോഗം തുടങ്ങിയ രോഗങ്ങൾ കിറ്റുകളുപയോഗിച്ച് തിരിച്ചറിയുകയും, ഉരുക്കളുടെ രക്തം, ചാണകം തുടങ്ങിയവ പരിശോധിക്കുകയും ചെയ്യുന്നു. മറ്റ് ചെക്ക്പോസ്റ്റുകളിൽ ഫീൽഡ് ആഫീസർമാരുടെ നേതൃത്വത്തിൽ ഭൗതികമായ രോഗപരിശോധന നടത്തുന്നു. കിറ്റുകളുപയോഗിച്ച് കുളമ്പുരോഗം തുടങ്ങിയവ തിരിച്ചറിയാനുള്ള പ്രാഥമിക പരിശോധനകൾ നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തിനകത്തേയ്ക്ക് കടന്നുവരുന്ന മൃഗങ്ങളും പക്ഷികളും ആരോഗ്യമുള്ളവയാണെന്നും സമയാസമയങ്ങളിലുള്ള വാക്സിനേഷനുകൾ ചെയ്തിട്ടുണ്ടെന്നും ഒരു വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ ഹെൽത്ത് സർട്ടിഫിക്കറ്റ് ഓരോ കൺസൈന്റ്മെന്റ് കടന്നുപോകുമ്പോഴും ഹാജരാക്കുന്നുണ്ട്. ആയത് പരിശോധിച്ച് ആഫീസിൽ സൂക്ഷിച്ചുവയ്ക്കുന്നുമുണ്ട്. ചെക്ക്പോസ്റ്റുകളിൽ ഓരോ ഉരുവിനും കുളമ്പുരോഗത്തിനെതിരായി വാക്സിനേഷൻ ചെയ്യുന്നുണ്ട്. കോഴി, ആട്, പന്നി, കന്നുകാലികൾ എന്നിവയുടെ രക്തസാമ്പിളുകൾ വിവിധ ജില്ലകളിലെ ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥർ അവരുടെ ഹെഡ്ക്വാർട്ടേഴ്സ് ആയ പാലക്കാട് ജില്ലയിലെ റീജിയണൽ റിസർച്ച് ഡിസീസ് ലബോറട്ടറി (എൻ.പി.ആർ.ഐ. ലബോറട്ടറി)യിലേയ്ക്ക് എത്തിക്കുകയും വിശദപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ചെക്ക്പോസ്റ്റുകളിലെ രോഗപരിശോധനയ്ക്കായി താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. മൈക്രോസ്കോപ്പും അനുബന്ധ സാമഗ്രികളും
2. റഫ്രിജറേറ്റർ (വാക്സിനുകൾ സൂക്ഷിക്കുന്നതിന്)
3. മൊബൈൽ ലാഡർ (വണ്ടികളിലെ പരിശോധനയ്ക്കായി)
4. റിഫ്ലക്ടീവ് ജാക്കറ്റ്
5. റിഫ്ളക്ടീവ് ബാറ്റൺ
6. ടോർച്ച് ലൈറ്റ്/റിഫ്ളക്ടീവ് ലൈറ്റ്
7. കുളമ്പുരോഗം, പക്ഷിപ്പനി എന്നിവ തിരിച്ചറിയുന്നതിനുള്ള കിറ്റുകൾ

ക്ഷീരസഹകരണ സംഘങ്ങൾക്ക് എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്

239 (3526) ശ്രീ. ബി. സത്യൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷക സംഘങ്ങൾക്ക് എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാമോ ;

(ബി) എങ്കിൽ ഏതെല്ലാം ക്ഷീരവികസന പദ്ധതികൾക്കാണ് ഫണ്ട് വിനിയോഗിക്കാൻ കഴിയുക ; ഉത്തരവിന്റെ വിശദാംശം നൽകാമോ ?

ഉത്തരം

(എ&ബി) ക്ഷീരസഹകരണ സംഘങ്ങൾക്ക് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിന് 24-6-2014-ലെ ജി.ഒ.(പി)നമ്പർ 238/2014/ഫിൻ (അനുബന്ധം ആയി ചേർക്കുന്നു*) പ്രകാരം പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ക്ഷീരസഹകരണ സംഘങ്ങളുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ക്ഷീരസംഘങ്ങൾക്ക് പാൽ പരിശോധനാ ഉപകരണങ്ങൾ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് എന്നിവയ്ക്ക് എം.എൽ.എ. ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly